**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ കൊടകര ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും റവന്യൂ രേഖകളിൽ ചിറപുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ കൊടകര വില്ലേജ് സർവ്വേ നം.177-ൽ ഉൾപ്പെട്ട 0.1416 ഹെക്ടർ (35 സെന്റ്) ഭൂമി, ശ്രീ. എബി ജോർജ്ജ്, ചിറയത്ത് വീട്, പോട്ട.പി.ഒ.,ചാലക്കുടി, തൃശ്ശൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 185/1, 176/2 എന്നിവയിൽപ്പെട്ട 0.1351 ഹെക്ടർ (33.39 സെന്റ്) ഭൂമിയ്ക്ക് പകരം കൈമാറുന്നതിന് കൊടകര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(കൈ) നം. 49/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 17/02/2021

---

പരാമർശം:- 1) കൊടകര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04.01.2014 ൽ നടന്ന സാധാരണ മീറ്റിംഗിലെ 3-ാം നമ്പർ തീരുമാനം.

2) പഞ്ചായത്ത് ഡയറക്ടറുടെ 23-05-2014 ലെ C2-7489/2014 നമ്പർ കത്ത്

3) 14.07.2014 ലെ 35277/ആർ.സി4/2014/തസ്വഭവ നമ്പർ കത്ത്.

4) സ.ഉ.(സാധാ)നം.3269/15/തസ്വഭവ തീയതി 05.11.2015

5) WP(C)No. 35957/2015 എന്ന കേസിലെ 29.11.2017 ലെ വിധിന്യായം.

6) WP(C)No. 35957/2015 എന്ന കേസിൽ അഡീഷണൽ എജി.യുടെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ലഭ്യമാക്കിയ 02.12.2019 തീയതിയിലെ നിയമോപദേശം.

7) കൊടകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.06.2020 ലെ A2-5607/13 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ കൊടകര ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ സർവ്വെ നമ്പർ 177 ൽ പെട്ട 35 സെന്റ് 'ചിറ പുറമ്പോക്ക്' ഭൂമിയും ശ്രീ. എബി ജോർജ്ജ്, ചിറയത്ത് വീട്, പോട്ട.പി.ഒ., ചാലക്കുടി, തൃശ്ശൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള സർവ്വെ നമ്പർ 185/1, 176/2 എന്നിവയിൽപ്പെട്ട തുല്യ അളവിലുള്ള വസ്തുവും പരസ്പരം കൈമാറുന്നതിന് കൊടകര ഗ്രാമ പഞ്ചായത്ത് കമ്മിറ്റി പരാമർശം(1) പ്രകാരം തീരുമാനം കൈക്കൊണ്ട് സർക്കാർ അനുമതിയ്ക്കായി പഞ്ചായത്ത് ഡയറക്ടർ മുഖേന പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

(2) സർവ്വെ നമ്പർ 176 ൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് വക പൊതു കുളത്തിലേയ്ക്ക് നിലവിൽ വഴി സൗകര്യമില്ലാത്തതിനാൽ അതിന്റെ വികസനം സാദ്ധ്യമാകുന്നില്ല എന്നും, പഞ്ചായത്തിന്റെ അധീനതയിലുള്ളതും വികസന പ്രവർത്തനങ്ങൾക്കൊന്നും പ്രയോജനപ്പെടുത്തുവാൻ കഴിയാത്തതുമായ സർവ്വെ നമ്പർ 177 ൽ പ്പെട്ട 35 സെന്റ് 'ചിറ പുറമ്പോക്ക്' ഭൂമി ശ്രീ എബി ജോർജ്ജ് എന്നയാൾക്ക് കൈമാറി പകരം പ്രസ്തുത പൊതു കുളത്തിനടുത്ത് വഴി സൗകര്യം ലഭിക്കാൻ കഴിയുന്ന ടിയാന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഏറ്റെടുക്കുന്നതിലൂടെ പ്രസ്തുത പൊതു കുളത്തിന്റെ

വികസനം സാദ്ധ്യമാകും എന്നും കാണിച്ചാണ് ഗ്രാമപഞ്ചായത്ത് പ്രസ്തുത പരസ്പര വസ്തു കൈമാറ്റത്തിന് അനുമതി ആവശ്യപ്പെട്ടിരിയ്ക്കുന്നത് .

(3) കേരള പഞ്ചായത്ത് രാജ് ആക്ട്, 218-ാം വകുപ്പ് പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള, ജലസ്രോതസ്സുമായി ബന്ധപ്പെട്ടിട്ടുള്ള പുറമ്പോക്ക് ഭൂമി പുനർനിക്ഷിപ്തമാക്കുവാനോ കൈമാറ്റം ചെയ്യുവാനോ വ്യവസ്ഥയില്ലാത്തതിനാൽ, ലോക്കൽ ഗവ. കമ്മീഷന്റെ അഭിപ്രായത്തിന്റെകൂടി അടിസ്ഥാനത്തിൽ പ്രസ്തുത വസ്തു പരസ്പര കൈമാറ്റത്തിനുള്ള അപേക്ഷ സർക്കാർ പരാമർശം(3) പ്രകാരം നിരാകരിക്കുകയുണ്ടായി.

(4) സർക്കാരിന്റെ പ്രസ്തുത നടപടി ചോദ്യം ചെയ്ത് ശ്രീ എബി ജോർജ്ജ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 25887/2014-ാം നമ്പർ റിട്ട് പെറ്റീഷനിൽ 02/07/2015 ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ, പരാമർശം (3)ലെ സർക്കാർ കത്ത് റദ്ദാക്കുകയും, ഹർജിക്കാരനേയും പഞ്ചായത്ത് സെക്രട്ടറിയേയും നേരിൽ കേട്ട് ആവശ്യമായ അന്വേഷണങ്ങൾ നടത്തിയ ശേഷം പഞ്ചായത്തിന്റെ ആവശ്യത്തിന്മേൽ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശം നൽകുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സർക്കാർ വീണ്ടും പരിശോധിക്കുകയും ഹർജിക്കാരന്റെ ആവശ്യം നിരാകരിച്ചുകൊണ്ട് പരാമർശം(4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി .

(5) ഈ ഉത്തരവിനെതിരെ ശ്രീ.എബി ജോർജ്ജ് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും അതിന്മേൽ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം(5) വിധിന്യായത്തിൽ പ്രസ്തുത ഭൂമി ചിറ പുറമ്പോക്കാണോ പുഴ പുറമ്പോക്കാണോ എന്ന് കണക്കാക്കാതെ **P4** മുതൽ **P7** വരെയുള്ള **Exhibit** കൾ പരിശോധിച്ചശേഷം പഞ്ചായത്തിന്റെ അപേക്ഷ പരിഗണിക്കുവാനാണ് കോടതി ഉത്തരവായിട്ടുള്ളത്. ഇതിൽ **Exhibit P4**, കൊടകര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർക്കയച്ച കത്താണ്. ആയതിൽ കൊടകര ഗ്രാമ പഞ്ചായത്തിലെ പൊതു കളത്തിലേയ്ക്കുള്ള വഴി സൗകര്യം ഉറപ്പാക്കുന്നതിനായി പഞ്ചായത്തിന്റെ കൈവശമുള്ള 35 സെന്റ് സ്ഥലം ഹർജിക്കാരനായ ശ്രീ. എബി ജോർജ്ജിന്റെ ഉടമസ്ഥതയിലുള്ള 35 സെന്റ് സ്ഥലവുമായി കൈമാറുന്നതിനാണ് അപേക്ഷിച്ചിട്ടുള്ളത്. **Exhibit P5**, സ്ഥലം കൈമാറുന്നതിനുള്ള പഞ്ചായത്ത് സമിതിയുടെ തീരുമാനമാണ്. **Exhibit P6** മുകുന്ദപുരം തഹസിൽദാർ നൽകിയ ലാന്റ് വാല്യൂ സർട്ടിഫിക്കറ്റുകളാണ്. ആയത് പ്രകാരം ഹർജിക്കാരന്റെ സ്ഥലത്തിനാണ് മൂല്യം കൂടുതൽ. **Exhibit P7** സ്ഥലം കൈമാറുന്നതിനുള്ള അനുമതിക്കായി പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേയ്ക്കയച്ച അപേക്ഷയാണ്.

(6) തൃശ്ശൂർ ജില്ലയിലെ കൊടകര ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ സർവ്വെ നം. 177 ൽപ്പെട്ട 35 സെന്റ് ചിറ പുറമ്പോക്ക് ശ്രീ. എബി ജോർജ്ജിന് കൈമാറുന്നതിനായി സർക്കാരിൽ പുനർ നിക്ഷിപ്തമാക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് തന്നെ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും അപ്രകാരം ഉത്തരവ് പുറപ്പെടുവിച്ച് വിജ്ഞാപനം നൽകുന്ന മുറയ്ക്ക് ഭൂമി ശ്രീ.എബി ജോർജ്ജിന് റവന്യൂ വകുപ്പ് മുഖാന്തിരം കൈമാറി നൽകാവുന്നതാണെന്നും ഇക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് പ്രസ്തുത ഭൂമിയ്ക്ക് പകരമായി ശ്രീ.എബി ജോർജ്ജ് വിട്ടൊഴിഞ്ഞ് നൽകുന്ന സർവ്വെ നമ്പർ 185/1, 176/2 എന്നിവയിൽപ്പെട്ട തുല്യ അളവിലുള്ള വസ്തു യാതൊരുവിധ ബാദ്ധ്യതകളിലും ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണെന്നും റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(7) ഹൈക്കോടതി വിധി നടപ്പിലാക്കുന്നതിനുള്ള സമയപരിധി 27.02.2018 ന് അവസാനിച്ചതിനെ തുടർന്ന് വിധിനടപ്പാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുന്നതിനായി ഫയൽ ചെയ്ത Interim Application 15.03.2018 ൽ പരിഗണിച്ച കോടതി രണ്ടാഴ്ച്ചയ്ക്കകം വിധിനടപ്പാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ബഹു.ഹൈക്കോടതി വിധിക്കെതിരെ അപ്പീലിനു സാദ്ധ്യതയില്ലെന്ന് പരാമർശം(6) പ്രകാരം നിയമോപദേശം ലഭിയ്ക്കുകയുണ്ടായി.

(8) WP(C) 35957/2015 എന്ന കേസിൽ 29/07/2017-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം താഴെപറയും പ്രകാരമാണ്.

"It is a specific case of the petitioner that though the property is shown as "Chira Puramboke" in the Basic Tax Register there is no chira or puzha in the locality and the property is dry land. This has been verified by the revenue officials also as is evident from Ext. P9. In the above view of the matter I am of the opinion that rejection of the request made by the Panchayat for assigning 35 cents of land to the petitioner in exchange of 35 cents of land which is required for public purpose on the ground that the property is shown as chira puramboku in the Basic Tax Register is unsustainable. Ex P9 order is therefore set aside. The 1st respondent is directed to consider the request made by the Panchayat by Exhibits P4 to P7 without reference to the contention that the property is a chira puramboke or puzha puramboke".

(9) ഈ വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു. നിയമ വകുപ്പ് മറ്റു സംഗതികൾക്കൊപ്പം താഴെപ്പറയും പ്രകാരം അഭിപ്രായം നൽകുകയുണ്ടായി.

"(a) ബഹു. കോടതി താഴെപ്പറയും പ്രകാരമാണ് ഉത്തരവായിട്ടുള്ളത്, The I st respondent is directed to consider the request made by the Panchayat by Ext.P4 to P7 without reference to the contention that the property is 'Chira Puramboke' or 'Puzha Puramboke'.

(b) 29/07/2017-ലെ WP(C)No.35957/2015 ലെ വിധിന്യായപ്രകാരം, പ്രസ്തുത സ്ഥലം ചിറപ്പുറമ്പോക്കോ പുഴ പുറമ്പോക്കോ എന്ന വാദം കണക്കിലെടുക്കാതെ പഞ്ചായത്തിന്റെ അപേക്ഷ പരിഗണിക്കണമെന്നാണ് ബഹു.കോടതി ഉത്തരവായിട്ടുള്ളത്.

(c) കൂടാതെ Jagpal Singh and Others V.State of Punjab & Other (AIR 2011 SC 1123) എന്ന കേസിൽ ജലസ്രോതസ്സുമായി ബന്ധപ്പെട്ട് പുറമ്പോക്ക് ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിൽ തുടരേണ്ടതാണെന്നും അത്തരം ഭൂമി നിയമവിരുദ്ധമായി കൈവശപ്പെടുത്തിയിട്ടുള്ളവരിൽ നിന്നും തിരിച്ചു പിടിയ്ക്കേണ്ടതാണെന്നും ഉത്തരവിടുകയും എന്നാൽ പൊതു ഉപയോഗത്തിനാകുമ്പോൾ ഇളവു കൊടുക്കാവുന്നതാണെന്നു ബഹു.സുപ്രീംകോടതി ഉത്തരവിട്ടിട്ടുണ്ട്. ബഹു. സുപ്രീംകോടതി അനുവദിച്ചിട്ടുള്ള exceptional case ന്റെ പരിധിയിൽ വരുന്ന കാര്യമായതിനാലും, WP(C)No.35957/2015 എന്ന കേസ്സിൽ ബഹു. കേരള ഹൈക്കോടതി ഭൂമി കൈമാറ്റം അനുവദിയ്ക്കണമെന്ന പഞ്ചായത്തിന്റെ അപേക്ഷ പരിഗണിക്കുവാൻ സർക്കാരിനോട് നിർദ്ദേശിച്ചിട്ടുള്ളതിനാലും പഞ്ചായത്തിന്റെ

ആവശ്യം പരിഗണിക്കുന്നതിന് നിയമതടസ്സമില്ലായെന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്".

(10) 1994-ലെ പഞ്ചായത്ത് രാജ് ആക്റ്റിന്റെ 218(3)-ാം വകുപ്പ് പ്രകാരം, പുഴപുറമ്പോക്ക് പോലെയുള്ള 218(1)-ാം വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള ഭൂമിയുടെ ഭരണം ഏറ്റെടുക്കുന്നതിന് മാത്രമാണ് സർക്കാരിന് അധികാരമുള്ളത്. അതിനാൽത്തന്നെ പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ സർക്കാരിന് പ്രസ്തുത വസ്തുവിന്റെ ഭരണം ഏറ്റെടുക്കുന്നതിന് മാത്രമേ അവകാശമുണ്ടായിരിക്കുകയുള്ളൂ. ഈ വിഷയത്തിൽ പുഴപുറമ്പോക്ക് / ചിറ പുറമ്പോക്ക് എന്ന് പരിഗണിക്കാതെ അപേക്ഷകന്റെ അപേക്ഷ പരിഗണിക്കുവാനാണ് പരാമർശം(5)ലെ വിധിന്യായപ്രകാരം ഉത്തരവായിട്ടുള്ളത്. പ്രസ്തുത വിജ്ഞാപനം ബഹു. കോടതിയുടെ വിധിക്കനുസൃതവുമല്ല.

11) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കൊടകര ഗ്രാമപഞ്ചായത്തിന്റെ പരാമർശം(1)ലെ തീരുമാനം ഒരു പൊതു ആവശ്യത്തിന് ആണ് എന്ന് കാണുന്നതിനാലും, പഞ്ചായത്തിന്റെ ആവശ്യം പരിഗണിച്ച് 29/11/2017 ലെ WP(C)No.35957/2015 എന്ന കേസിലെ വിധിന്യായം നടപ്പാക്കുന്നതിലും അതിൻപ്രകാരം ഭൂമി കൈമാറ്റം ചെയ്യുന്നതിലും നിയമ തടസ്സമില്ല എന്ന നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും, റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ബഹു. ഹൈക്കോടതി വിധിക്കെതിരെ അപ്പീലിന് സാധ്യതയില്ലായെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലും, കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994 ലെ 13) 218-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം തൃശ്ശൂർ ജില്ലയിലെ കൊടകര ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ സർവ്വേ നം.177-ൽപ്പെട്ട 0.1416 ഹെക്ടർ ഭൂമി ചിറപുറമ്പോക്കോ പുഴപുറമ്പോക്കോ എന്ന വാദം കണക്കിലെടുക്കാതെ, ഇതൊരു പ്രത്യേക കേസ്സായി കണക്കാക്കി കോടതി അലക്ഷ്യ നടപടികൾ ഒഴിവാക്കുന്നതിനായി, തൃശ്ശൂർ ജില്ലയിലെ കൊടകര ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും റവന്യൂ രേഖകളിൽ ചിറപുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ കൊടകര വില്ലേജ് സർവ്വേ നം.177-ൽ ഉൾപ്പെട്ട 0.1416 ഹെക്ടർ (35 സെന്റ്) ഭൂമിയും ശ്രീ. എബി ജോർജ്ജ്, ചിറയത്ത് വീട്, പോട്ട.പി.ഒ.,ചാലക്കുടി, തൃശ്ശൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 185/1, 176/2 എന്നിവയിൽപ്പെട്ട 0.1351 ഹെക്ടർ (33.39 സെന്റ്) ഭൂമിയും പഞ്ചായത്തിന് ലഭിക്കുന്ന ടി ഭൂമി യാതൊരുവിധ ബാദ്ധ്യതകളിലും ഉൾപ്പെട്ടിട്ടില്ല എന്നത് കൂടി ഉറപ്പുവരുത്തിയശേഷം, പരസ്പരം കൈമാറുന്നതിന് കൊടകര ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കൊടകര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.

ശ്രീ. എബി ജോർജ്ജ്, ചിറയത്ത് വീട്, പോട്ട.പി.ഒ.,ചാലക്കുടി, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
റവന്യൂ വകുപ്പ് (117/എൽ3/2018/റവ തീയതി 20.06.2018 പ്രകാരം)
നിയമ വകുപ്പ് (17645/Leg.C3/2020/law തീയതി 11.02.2021 പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി(ആർസി4/13/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ